(ബി) വിവരം ചുവടെ ചേർക്കുന്നു:

യോഗ്യത		തൊഴിൽ ലഭിച്ചവരുടെ എണ്ണം
എം.ബി.ബി.എസ്സ്.	..	2
ബി.ടെക്.	..	113
എം.സി.എ.	..	3
ബി.എഡ്.	..	264
ബി.എസ്.സി. നഴ്സിംഗ്	..	4
നഴ്സിംഗ് ഡിപ്ലോമ	..	22

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവർ

42 [1345] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം ജില്ലതിരിച്ചും വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലും വ്യക്തമാക്കുമോ;

(ബി) 2002 മേയ് മാസത്തിൽ സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) 2002 മേയ് മാസത്തിൽ സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം 3724283 ആയിരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ ബിരുദധാരികളുടെ എണ്ണം

43 [1348] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവരിൽ എം.ബി.ബി.എസ്. ബിരുദധാരികൾ, എഞ്ചിനീയറിംഗ് ബിരുദധാരികൾ, ഹോമിയോ ബിരുദധാരികൾ, ആയുർവേദ ബിരുദധാരികൾ എന്നിവർ എത്രപേരുണ്ടെന്ന് അറിയിക്കാമോ;

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റു സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, ഹോമിയോ, ആയുർവേദ ബിരുദധാരികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

എം.ബി.ബി.എസ്.	..	959
എഞ്ചിനീയറിംഗ്	..	8160
ഹോമിയോ	..	735
ആയുർവേദം	..	910

(ബി) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

ഗവൺമെന്റ് ഐ.ടി.ഐ.-കളുടെ പോരായ്മകൾ പരിഹരിക്കാൻ നടപടി

44 [1347] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ.-കൾ കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുവാൻവേണ്ട എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളിലെ സ്ഥല പരിമിതിയും വർക്ക്ഷോപ്പും മറ്റുസൗകര്യങ്ങളും വേണ്ടവിധത്തിൽ പരിപാലിക്കപ്പെടാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏതെല്ലാം ഐ.ടി.ഐ.-കളാണ് സ്വന്തമായി കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പണി പൂർത്തീകരിച്ച കെട്ടിടങ്ങളുടെ പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ ഇവ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഗവൺമെന്റ് ഐ.ടി.ഐ.-കൾ കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുന്നതിന് കാലാകാലങ്ങളിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കൾക്ക് ഘട്ടം ഘട്ടമായി സ്വന്തം കെട്ടിടങ്ങൾ ഉണ്ടാക്കുവാൻ ശ്രമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly